

# ഏൽ റൂഹ ധ്യാനകേന്ദ്രം
# അത്ഭുത സാക്ഷ്യങ്ങൾ



"ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ, അവനിൽ നിന്നു ശക്തി പുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരുന്നു." (ലൂക്കാ 6 :19)

## യേശുക്രിസ്തു ഇന്നും ജീവിക്കുന്നു

April 2023

## കർമ്മല മാതാവ് – ഏൽ റൂഹ ധ്യാന കേന്ദ്രത്തിന്റെ മധ്യസ്ഥ



Fr. റാഫേൽ കോക്കാടൻ CMI

എന്റെ ചെറുപ്പകാലം മുതലേ ഞാൻ ഉത്തരീയം ധരിക്കാറുണ്ടായിരുന്നെങ്കിലും ഉത്തരീയത്തിന്റെ ശാരീരികവും ആത്മീയവുമായ സംരക്ഷണത്തെപ്പറ്റി എനിക്ക് ഒട്ടും അറിവും വിശ്വാസവും ഉണ്ടായിരുന്നില്ല. കുളിക്കുന്ന സമയത്ത് നനയാതിരിക്കാനും നാശമാകാതിരിക്കാനും ഞാനത് ഊരി വയ്ക്കുമായിരുന്നു. സെമിനാരിയിൽ ചേർന്ന ആദ്യ നാളുകളിൽത്തന്നെ വളരെ പ്രായമുള്ള ഒരു വൈദികൻ സെമിനാരി വിദ്യാർത്ഥികളായ ഞങ്ങളോട് കുളിക്കുമ്പോൾ പോലും ഉത്തരീയം ഊരി വയ്ക്കരുത് എന്ന് പറഞ്ഞു. അതിനുശേഷം വലിയ വിശ്വാസമില്ലെങ്കിലും കുളിക്കുമ്പോൾ പോലും ഞാൻ ഉത്തരീയം ഊരി വയ്ക്കാറില്ല. 2018-ൽ ഞാൻ കേട്ട ഒരു ദൈവസ്വര സന്ദേശമാണ് എന്റെ ഉത്തരീയത്തിലുള്ള വിശ്വാസം വർദ്ധിപ്പിച്ചതും പിന്നീട് ഇതിനെ കുറിച്ച് കൂടുതൽ പഠിക്കാൻ കാരണമായതും.

ഒരിക്കൽ ഒരു വീട് വെഞ്ചിരിപ്പ് ശുശ്രൂഷയ്ക്കായി ഞാൻ പ്രാർത്ഥിച്ച് ഒരുങ്ങുകയായിരുന്നു. ആ വീട്ടിലെ ഏക മകന്റെ വിവാഹം കഴിഞ്ഞ് അഞ്ച് വർഷമായിട്ടും അവർക്ക് കുട്ടികളില്ല. മാത്രമല്ല മൂന്ന് പ്രാവശ്യം ഗർഭം അലസി (Miscarriage) പോയി. നാലാമത് ഗർഭിണിയാണ്. എപ്പോൾ വേണമെങ്കിലും Miscarriage വന്ന് പോകാം എന്ന് ഡോക്ടർ പറഞ്ഞിരുന്നു. ഇതായിരുന്നു ആ വീട്ടിലെ പ്രധാന പ്രശ്നം. ഇതിനെ സമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ മന്ത്രവാദം ചെയ്ത വസ്തുക്കൾ വീട്ടിൽ കുഴിച്ചിട്ടിട്ടുണ്ടെന്ന് സന്ദേശം കിട്ടി. ഈ തിന്മയിൽ നിന്ന് രക്ഷപ്പെടാനും സംരക്ഷണം കിട്ടാനും ഞാൻ ഈ വീട്ടുകാരോട് എന്ത് പറയണം എന്ന് കർത്താവിനോട് ചോദിച്ച് ഏകാന്തതയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വളരെ മൃദുലമായ ഒരു സ്വരം എന്റെ ചെവിയിൽ പതിച്ചു 'ഉത്തരീയം ധരിക്കുക.' എന്നെ സംബന്ധിച്ച് ഇത് വലിയൊരു വെളിപ്പെടുത്തലായിരുന്നു. എല്ലാവിധ ആപത്തുകളിൽ നിന്നും, ആത്മീയവും ശാരീരികവുമായ പീഢകളിൽ നിന്നും ഉത്തരീയം ധരിക്കുന്നവരെ കർമ്മല മാതാവ് പ്രത്യേകമാം വിധം സംരക്ഷിക്കും എന്ന് എനിക്ക് ഉറപ്പായി. ആ വീട്ടിൽ ചെന്ന് കുടുംബാംഗങ്ങളെയെല്ലാം കുമ്പസാരിപ്പിച്ചതിനു ശേഷം ഞാൻ ആ വീട് വെഞ്ചിരിച്ചു. തുടർന്ന് കുളിക്കുമ്പോൾപ്പോലും ഊരി വയ്ക്കരുത് എന്ന് പറഞ്ഞ് എല്ലാവർക്കും ഉത്തരീയം കൊടുത്തു. ആ സഹോദരി പ്രസവിച്ചു. ഒരു പെൺകുട്ടിയെ നല്കി കർത്താവ് അവരെ അനുഗ്രഹിച്ചു.

ഈ സംഭവം എന്റെ ഉത്തരീയത്തിലുള്ള വിശ്വാസവും കർമ്മലമാതാവിനോടുള്ള ഭക്തിയും ഒത്തിരി വർദ്ധിപ്പിച്ചു. അന്നു മുതൽ ഞാൻ ജപമാലയല്ല ഉത്തരീയമാണ് കഴുത്തിൽ ധരിക്കേണ്ടതെന്ന് പ്രസംഗിക്കാൻ തുടങ്ങി. ഇത് ചിലർക്കെല്ലാം മനസ്സിൽ ചോദ്യങ്ങളുയരാൻ കാരണമായി. അതേസമയം ഉത്തരീയത്തെപ്പറ്റി നല്ലൊരു ആധികാരിക ഗ്രന്ഥം കിട്ടാൻ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് അത്ഭുതകരമായി ഡോ.കെ.ജെ മാത്യു എഴുതിയ 'ഉത്തരീയം എപ്പോഴും ധരിക്കേണ്ട ആയുധം' എന്ന അതിമനോഹരമായ പുസ്തകം എന്റെ കൈയിൽ കിട്ടിയത്. ഞാൻ കേട്ട ദൈവസ്വരവും ഞാൻ ഉത്തരീയത്തെപറ്റി പ്രസംഗിച്ചതും എത്രയോ ശരിയെന്ന് എനിക്ക് ബോധ്യമായി. ഇന്ന് ഈ പുസ്തകം ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ നിന്നും ലഭ്യമാണ്.

ഞാൻ ആദ്യമായി ധ്യാനിക്കുന്ന എല്ലാവർക്കും ഉത്തരീയം കൊടുത്തത് ഒരു കോൺവെന്റിൽ അറുപതോളം സിസ്റ്റേഴ്സിന് നടത്തിയ ധ്യാനത്തിലാണ്. ധ്യാനത്തിന്റെ ആരംഭത്തിൽ തന്നെ ഉത്തരീയം കൊടുത്തശേഷം ഞാൻ റൂമിൽ വന്നപ്പോൾ എന്റെ പ്രാർത്ഥനാഗ്രൂപ്പിലെ ഒരു സഹോദരി എനിക്ക് ഒരു വാട്ട്സാപ്പ് സന്ദേശം ഇട്ടിരിക്കുന്നതായി കണ്ടു: 'അച്ചാ, ഇന്ന് സിസ്റ്റേഴ്സിന് ധ്യാനം തുടങ്ങിയല്ലേ, ഞങ്ങൾ ശക്തമായി പ്രാർത്ഥിക്കുന്നുണ്ട്. പിന്നെ അച്ചാ, ഇന്ന് ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ കണ്ടത് അച്ചൻ ധ്യാനം നടത്തുന്ന ധ്യാനഹാൾ മുഴുവനും കർമ്മല മാതാവിന്റെ സാന്നിധ്യം', അന്ന് മുതലാണ് എല്ലാ താമസിച്ചുള്ള ഏൽ റൂഹ ധ്യാനങ്ങൾക്കും ഉത്തരീയം കൊടുക്കാൻ തുടങ്ങിയത്. ഇന്ന് കർമ്മല മാതാവാണ് ഏൽ റൂഹ ധ്യാനകേന്ദ്രത്തിന്റെ മധ്യസ്ഥ. എല്ലാ ഏൽ റൂഹ ധ്യാന ശുശ്രൂഷകളിലും കർമ്മല മാതാവിന്റെ സാന്നിധ്യം നിറഞ്ഞ് നിൽക്കുന്നു എന്നത് ധ്യാനം കൂടിയ നിരവധി ആളുകളുടെ അനുഭവമാണ്. ഉത്തരീയ ഭക്തിയുടെ പ്രചാരവും താത്പര്യവും കുറഞ്ഞു വരുന്ന ഈ കാലഘട്ടത്തിൽ ഉത്തരീയ ഭക്തിയുടെ അത്ഭുതാവഹമായ അനുഗ്രഹങ്ങളെ ബോധ്യപ്പെടുത്താൻ കർത്താവ് തിരഞ്ഞെടുത്ത ധ്യാനകേന്ദ്രമാണ് ഏൽ റൂഹ ധ്യാനകേന്ദ്രം. ഉത്തരീയ ഭക്തിയിലൂടെ കർമ്മല മാതാവിന്റെ സവിശേഷമായ സംരക്ഷണവും നിത്യരക്ഷയും പ്രാപിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## മലദ്വാരത്തിൽ തടിപ്പ് ഉള്ള ഒരാളെ യേശു തൊട്ട് സുഖപ്പെടുത്തുന്നു



ബിജു
കാസർഗോഡ്

ഞാൻ ഒരു കടുത്ത മദ്യപാനിയായിരുന്നു. ഏകദേശം 30 വർഷത്തോളമായി ഞാൻ മദ്യം കഴിക്കുമായിരുന്നു. എന്റെ കൂട്ടുക്കാരൻ വഴിയാണ് ഏൽ റൂഹ ധ്യാന കേന്ദ്രത്തെ കുറിച്ച് അറിയാൻ ഇടയായത്. 2022-ൽ ആഗസ്റ്റ് മാസം 6-ാം തിയ്യതി ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ധ്യാനിച്ചു. അവിടെ വച്ച് രണ്ടാമത്തെ കൗൺസിലിംഗിന് പോയപ്പോൾ ബ്രദർ എനിക്ക് വേണ്ടി പ്രാർത്ഥിച്ചിട്ടു പറഞ്ഞു, 6 മാസം കഴിഞ്ഞിട്ട് വീണ്ടും വരണം എന്ന്. ഒരു മാസം കഴിഞ്ഞ് വീണ്ടും മദ്യപിക്കാം എന്ന ധാരണയിലാണ് ഞാൻ ഈ ധ്യാനത്തിന് വന്നത്. മുൻപ് പല തവണ മദ്യപാനം നിർത്താൻ ശ്രമിച്ചപ്പോൾ, 30 ദിവസത്തിന് കൂടുതൽ മദ്യം കഴിക്കാതിരിക്കാൻ എനിക്ക് സാധിക്കില്ലായിരുന്നു. വീണ്ടും മദ്യം കഴിക്കുമായിരുന്നു. ധ്യാനം എനിക്ക് വളരെ നല്ലൊരു അനുഭവമായിരുന്നു. ദൈവകൃപയാൽ ധ്യാനം കഴിഞ്ഞ് വീട്ടിലെത്തിയതിന് ശേഷം എന്റെ ജീവിതത്തിൽ ഞാൻ പോലും അറിയാതെ പല മാറ്റങ്ങൾ വന്നു. കൂടാതെ, ധ്യാന കേന്ദ്രത്തിൽ നിന്നും കൊണ്ടുവന്ന വെഞ്ചിരിച്ച തേൻ പതിവായി രണ്ടും മൂന്നും സ്പൂൺ കഴിക്കുമായിരുന്നു. ഉദരസംബന്ധമായ രോഗങ്ങൾ മാറാനും മദ്യപാന ആസക്തി വിട്ടുമാറാനും വെഞ്ചിരിച്ച തേൻ കഴിക്കുന്നത് നല്ലതാണെന്ന് അച്ചൻ പറഞ്ഞിരുന്നു.ആ വർഷം നല്ലൊരു ക്രിസ്തുമസ് ആഘോഷിക്കാൻ എനിക്ക് സാധിച്ചു. ബ്രദർ പറഞ്ഞത് പോലെ 6 മാസം കഴിഞ്ഞ് ജനുവരി 29-ാം തിയ്യതി വീണ്ടും താമസിച്ചുള്ള ഒരു ധ്യാനം കൂടാനായി ഏൽ റൂഹ ധ്യാന കേന്ദ്രത്തിലേക്ക് ഞാൻ വരികയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ 7 മാസമായി ഞാൻ മദ്യം കഴിക്കാറില്ല. ഇതിനിടയിൽ പലരും പല തവണയായി മദ്യം മുന്നിൽ കൊണ്ട് വച്ച് എന്നെ പരീക്ഷിച്ചുനോക്കുമായിരുന്നു. എന്നാൽ ദൈവത്തിന്റെ വലിയ കരുണയാൽ എടുത്ത തീരുമാനത്തിൽ ഉറച്ച് നിന്നു. ഇന്ന് സമാധാനപൂർണ്ണമായ ജീവിതം നയിക്കാൻ എനിക്ക് സാധിക്കുന്നുണ്ട്. ജനുവരി മാസത്തെ ധ്യാനത്തിൽ പങ്കെടുത്ത അവസരത്തിൽ ശക്തമായ നടുവേദനയോടുകൂടിയായിരുന്നു ഞാൻ പങ്കെടുത്തത്. ധ്യാനത്തിന് വരുന്നതിന് മുൻപ് ഡോക്ടറിനെ കണ്ട് എക്സറേ എടുത്തിരുന്നു. ധ്യാനത്തിനിടയ്ക്ക് അച്ചൻ വിളിച്ചു പറഞ്ഞു 'നടുവേദനയ്ക്ക് എക്സറേ എടുത്ത ഒരു വ്യക്തിയെ ഈശോ കാണിക്കുന്നു'എന്ന്. അച്ചൻ വിളിച്ചുപറഞ്ഞ സമയം ഞാൻ അത് കാര്യമായി പരിഗണിച്ചില്ല. എന്നാൽ പിന്നീട് എന്റെ നടുവേദന മാറുകയും അച്ചനെ കണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

കൂടാതെ, ഞാൻ ഒരു ടാക്സി ഡ്രൈവർ ആണ്. ദൂരയാത്ര കഴിഞ്ഞുവരുമ്പോൾ ചൂട് വളരെ കൂടുതലായതിനാൽ എനിക്ക് പിന്നീട് പൈൽസിന്റെ ബുദ്ധിമുട്ട് വന്നു. 7 km വരെ ഡ്രൈവ് ചെയ്യുന്നതിന് ബുദ്ധിമുട്ടില്ലായിരുന്നു. ലോങ്ങ് ഡ്രൈവ് ചെയ്യാൻ പ്രയാസമായിരുന്നു. അങ്ങനെയിരിക്കെയാണ് അയൽവാസികളും ഇവിടുത്തെ പ്രാർത്ഥനാ കൂട്ടായ്മയിൽ ഉള്ളവരും ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വന്ന് ഏകദിന ധ്യാനം കൂടുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചത്. വളരെ ബുദ്ധിമുട്ടിയാണെങ്കിലും ലോങ്ങ് ഡ്രൈവ് ചെയ്ത് ഞാൻ ഒരു ഏകദിന ധ്യാനത്തിന് വന്ന് പങ്കെടുത്തു. എന്റെ ജീവിതപങ്കാളിയും കൂടെയുണ്ടായിരുന്നു. പൈൽസ് നിസ്സാരമല്ലെന്നും സർജറി വേണ്ടിവന്നാൽ ഇരിക്കാനും, കിടക്കാനും, ദിനചര്യക്കും ബുദ്ധിമുട്ടാവും എന്ന് അറിയാമായിരുന്നതിനാൽ ഞാൻ ശക്തമായി പ്രാർത്ഥിച്ചിരുന്നു. ധ്യാനം കഴിഞ്ഞ് തിരിച്ചുവരുന്ന വഴി ഭാര്യ പറഞ്ഞു, അച്ചൻ ചേട്ടനെകുറിച്ച് ഒരു സന്ദേശവും പറഞ്ഞില്ലല്ലോ എന്ന്. അപ്പോൾ ഞാൻ പറഞ്ഞു, സന്ദേശം പറഞ്ഞില്ലെങ്കിൽ എന്താ? സൗഖ്യം കിട്ടിയാൽ പോരെ എന്ന്. അങ്ങനെ കൂട്ടുക്കാരൻ എനിക്ക് വേണ്ടി ഒരു സർജനെ ബുക്ക് ചെയ്തിട്ടുണ്ടായിരുന്നു. അന്നേ ദിവസം ലീവ് എടുത്ത് വീട്ടിലിരിക്കുമ്പോൾ ഫോൺ കയ്യിലെടുക്കാൻ ഒരു പ്രചോദനം ഉണ്ടായി. ഫോൺ എടുത്ത് ഒരു അത്ഭുതങ്ങളുടെ ജപമാല ഓൺ ആക്കി വച്ച ആ സമയം തന്നെ അച്ചൻ വിളിച്ചു പറഞ്ഞു "മലദ്വാരത്തിൽ തടിപ്പ് ഉള്ള ഒരാളെ യേശു തൊട്ട് സൗഖ്യപ്പെടുത്തുന്നു" എന്ന്. എനിക്ക് വലിയ അത്ഭുതമായി. അത് ഞാൻ തന്നെയാണ് എന്ന് ഉറച്ച് വിശ്വസിച്ച് കൊണ്ട് സർജനെ കാണാൻ ചെന്നു. പരിശോധനയ്ക്ക് ശേഷം ഡോക്ടർ പറഞ്ഞു യാതൊരു കുഴപ്പവും ഇല്ല മരുന്ന് കഴിക്കേണ്ട ആവശ്യവും ഇല്ല, വന്ന സ്ഥിതിക്ക് ഒരു മരുന്ന് തരാം എന്ന്. അത്യാവശ്യം നല്ല വലിപ്പം ഉള്ള ഒരു തടിപ്പായിരുന്നു. അങ്ങനെ 130 രൂപയുടെ മരുന്നും വാങ്ങി ഞാൻ വീട്ടിലേക്ക് ചെന്നു. ഡോക്ടർ തന്ന മരുന്ന് കഴിച്ചു. എനിക്ക് പരിപൂർണ്ണസൗഖ്യം നൽകി ദൈവം അനുഗ്രഹിച്ചു. എന്റെ ജീവിതത്തിൽ വലിയ അത്ഭുതം പ്രവർത്തിച്ച ദൈവത്തിന് സ്തുതിയും കൃതജ്ഞതയും ആരാധനയും.

## കാനഡയ്ക്ക് പോകാനുള്ള വിസ്സാതടസ്സം മാറ്റി ഒരു വ്യക്തിയെ ഈശോ അനുഗ്രഹിക്കുന്നു



ഏയ്ഞ്ചൽ റോസ് ബെനഡിക്ട്
മാള

2022 സെപ്തംബർ 9 മുതലാണ് ഞാൻ അത്ഭുതങ്ങളുടെ ജപമാല കണ്ടു തുടങ്ങിയത്. രണ്ട് വർഷമായി കാനഡക്കു പോകാൻ വേണ്ടി ഞാൻ വിസ്സയ്ക്ക് അപേക്ഷ കൊടുത്തിട്ട്. ഒരു തുടർനടപടിയും ഉണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ എന്നെ പഠിപ്പിച്ചിരുന്ന ഒരു സിസ്റ്റർ അത്ഭുതങ്ങളുടെ ജപമാലയിൽ നിയോഗം വച്ച് പ്രാർത്ഥിക്കാൻ എന്നോട് ആവശ്യപ്പെട്ടു. അന്ന് ഒരു ചൊവ്വാഴ്ചയായിരുന്നു. രണ്ട് വർഷമായിട്ട് മറ്റൊരു വിസ്സയ്ക്ക് അപേക്ഷിക്കാനോ വിസിറ്റിംഗ് വിസ്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാനോ എനിക്ക് സാധിച്ചിരുന്നില്ല. അതിനാൽ, അന്ന് രാത്രി അത്ഭുതങ്ങളുടെ ജപമാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വിസ്സ rejection ന് വേണ്ടി പരിശുദ്ധ അമ്മയോട് ശക്തമായി പ്രാർത്ഥിച്ചു. അത്ഭുതം എന്ന് പറയട്ടെ, അന്ന് രാത്രി 11 മണിക്ക് എന്റെ ഭർത്താവ് വിളിച്ചിട്ട് പറഞ്ഞു വിസ rejection ആയി എന്ന്. ഒരു മാസത്തിന് ശേഷം ഞാൻ വീണ്ടും വർക്ക് വിസ്സയ്ക്ക് അപേക്ഷിച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ എന്റെ medical update ആയി. വീണ്ടും ഒരു രണ്ടാഴ്ച കഴിഞ്ഞപ്പോൾ എനിക്ക് passport submission വന്നു. ഡിസംബർ 4-ാം തിയ്യതി താമസിച്ചുള്ള ഒരു ധ്യാനത്തിൽ പങ്കെടുക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. വലിയ വിശ്വാസത്തോടെയാണ് ഞാൻ ധ്യാനത്തിൽ സംബന്ധിച്ചത്. ധ്യാനത്തിനിടയിൽ ഒരു ചൊവ്വാഴ്ച ആരാധനയ്ക്കിടയിൽ അച്ചൻ വിളിച്ചുപറഞ്ഞു "കാനഡയ്ക്ക് പോകാനുള്ള വിസ്സാതടസ്സം മാറ്റി ഒരു വ്യക്തിയെ ഈശോ അനുഗ്രഹിക്കുന്നു"എന്ന്. അത് ഞാൻ തന്നെയാണെന്ന് ഉറച്ച് വിശ്വസിച്ചു. അന്ന് രാത്രി എന്റെ ഭർത്താവിന് ഒരു call വന്നു. വിസ്സ കിട്ടി എന്ന സന്തോഷവാർത്തയാണ് അറിയാൻ കഴിഞ്ഞത്. ധ്യാനത്തിൽ പങ്കെടുക്കുന്നത് കാരണം ഞാൻ ഇത് അറിഞ്ഞിരുന്നില്ല. വീട്ടിൽ എത്തിയ ശേഷമാണ് ഈ വിവരം അറിഞ്ഞത്.

ഓരോ ചൊവ്വാഴ്ചയിലും അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുമ്പോൾ ഓരോ അനുഗ്രഹങ്ങൾ എനിക്ക് ലഭിക്കുന്നുണ്ടായിരുന്നു. ഒരു വർഷമായി ഞാൻ non-veg കഴിക്കില്ലായിരുന്നു. അതിന്റെ smell വരുമ്പോൾ തന്നെ ശർദ്ദിക്കാൻ വരികയും temperature കൂടുകയും ചെയ്യുമായിരുന്നു. ഒരു ദിവസം recorded അത്ഭുതങ്ങളുടെ ജപമാല കണ്ട് കൊണ്ടിരിക്കുമ്പോൾ അതിൽ അച്ചൻ ഇങ്ങനെ വിളിച്ചുപറഞ്ഞു 'ചിക്കനോടുള്ള അലർജി മാറ്റി ഒരു മകളെ അനുഗ്രഹിക്കുന്നു എന്ന്.' അത് ഞാനായിരിക്കണമേയെന്ന് വിശ്വസിച്ച് പ്രാർത്ഥിച്ചു. അന്ന് രാത്രി പേടിയോടെയാണെങ്കിലും ആദ്യം അൽപം ചിക്കന്റെ ചാറ് എടുത്ത് കഴിച്ചു, കാരണം, ചാറ് കഴിച്ചാൽ പോലും ശർദ്ദി വരുമായിരുന്നു. Temperature raise ആയിട്ടുണ്ടെങ്കിൽ ശക്തമായ തലവേദനയും വരുമായിരുന്നു. അത്ഭുതം എന്ന് പറയട്ടെ ചിക്കന്റെ ചാറ് എടുത്ത് കഴിച്ച് 5 മിനിറ്റ് വരെ ഞാൻ wait ചെയ്തിട്ടും എനിക്ക് യാതൊരു അസ്വസ്ഥതയും വന്നില്ല. ശേഷം ചിക്കന്റെ കഷ്ണം എടുത്ത് കഴിക്കുകയും ചെയ്തു. അന്നു രാത്രിയിൽ യാതൊരു പ്രശ്നവും ഉണ്ടായില്ല. അന്നു മുതൽ ഞാൻ non-veg കഴിക്കാൻ തുടങ്ങി.

കൂടാതെ എനിക്ക് മൂന്നു തവണ കൊറോണ വന്നിട്ടുണ്ട്. അതിന്റെ side effect ആയി മൈഗ്രെയ്ൻ തലവേദന വന്നു. പുറത്തിറങ്ങി 2 മിനിറ്റ് വെയിൽ കൊണ്ടു കഴിഞ്ഞാൽ ശക്തമായ തലവേദന വരും. പിന്നെ രണ്ടാഴ്ച ഞാൻ കിടപ്പിലായിരിക്കും. അതുപോലെ ശർദ്ദിയും തലവേദനയും വരുമായിരുന്നു. എന്റെ ഈ അവസ്ഥയെ സമർപ്പിച്ച് അത്ഭുതങ്ങളുടെ ജപമാലയിൽ ഒരു ചൊവ്വാഴ്ച ദിവസം പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ, അച്ചൻ വിളിച്ചു പറഞ്ഞു, "ഏയ്ഞ്ചലിനെ ദൈവം അനുഗ്രഹിക്കുന്നു" എന്ന്. അത് ഞാനായിരിക്കണമേയെന്ന് ഉറച്ച് വിശ്വസിച്ച് പ്രാർത്ഥിച്ചു. അന്ന് മുതൽ ഇന്ന് വരെ എനിക്ക് മൈഗ്രെയ്ൻ തലവേദന വന്നിട്ടില്ല.

അതുപോലെ തന്നെ 6 വർഷമായിട്ട് എനിക്ക് ഭയങ്കരമായ തുമ്മലിന്റെ അലർജി ഉണ്ടായിരുന്നു. രാവിലെ മുതൽ ഉച്ചവരെ നിർത്താതെ തുമ്മികൊണ്ടിരിക്കുമായിരുന്നു. ഒരു ദിവസം കൊണ്ട് 1 പായ്ക്കറ്റ് ടിഷ്യൂ പേപ്പർ കഴിയുമായിരുന്നു. അങ്ങനെ ധ്യാനത്തിനിടയിൽ തലയിൽ കൈവച്ച് പ്രാർത്ഥിക്കുമ്പോൾ മൂക്കുത്തി അഴിച്ചുമാറ്റാൻ അച്ചൻ പറഞ്ഞു. അച്ചൻ പറഞ്ഞത് അനുസരിച്ച് റൂമിൽ പോയി മൂക്കുത്തി അഴിച്ചുമാറ്റി. അന്നുമുതൽ ഇന്ന് വരെ ഞാൻ തുമ്മിയിട്ടേയില്ല. പരിപൂർണ്ണസൗഖ്യം എനിക്ക് ലഭിച്ചു. കാനഡയിൽ എത്തിയിട്ട് കാലാവസ്ഥ മാറിയിട്ട് പോലും ഞാൻ ഇന്ന് വരെ തുമ്മിയിട്ടില്ല.

കൂടാതെ, എന്റെ ചേച്ചിയുടെ കൊച്ചിന് സ്കൂളിൽ പോകാൻ ഭയങ്കര മടിയായിരുന്നു. ആഴ്ചയിൽ 1 തവണ മാത്രം സ്കൂളിൽ പോകുന്ന സ്ഥിതി ആയിരുന്നു. മാത്രമല്ല, സ്കൂളിൽ പോവുന്ന സമയത്ത് നല്ല തല്ലും, വഴക്കും ആയിരിക്കും വീട്ടിൽ. അങ്ങനെ ഒരു ദിവസം രാത്രി അത്ഭുതങ്ങളുടെ ജപമാലയിൽ നിയോഗം വച്ച് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, അച്ചൻ വിളിച്ചുപറഞ്ഞു, "വീട്ടിൽ കിച്ചു എന്ന് വിളിക്കപ്പെടുന്ന ഒരു കുട്ടിയെ ഈശോ അനുഗ്രഹിക്കുന്നു" എന്ന്. അന്ന് മുതൽ ഇന്നുവരെ സ്കൂളിൽ പോവാൻ കുട്ടി മടി കാണിച്ചിട്ടില്ല. അവൻ നേരത്തെ എഴുന്നേറ്റ് എല്ലാ കാര്യവും ചെയ്ത് സ്കൂളിൽ പോകും. ഇത്രയും വലിയ അനുഗ്രഹങ്ങൾ എന്റെ ജിവിതത്തിൽ ചൊരിഞ്ഞ ദൈവത്തിന് ആയിരമായിരം നന്ദി.

## കാലിൽ മണ്ണിന്റെ അലർജിമൂലം ചൊറിഞ്ഞു പൊട്ടുന്ന ഒരാൾക്ക് ഈശോ സൗഖ്യം നൽകുന്നു

2022 ജനുവരി മാസം 9-ാം തീയതി താമസിച്ചുള്ള ഏൽ റൂഹ ധ്യാനത്തിൽ ഞാൻ പങ്കെടുത്തിരുന്നു.

ധ്യാനത്തിന്റെ ആരംഭ ദിവസം ഞായറാഴ്ച വൈകുന്നേരത്തെ ദിവ്യബലിയിൽ ബഹുമാനപ്പെട്ട റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു "കാലിൽ മണ്ണിന്റെ അലർജിമൂലം ചൊറിഞ്ഞു പൊട്ടുന്ന ഒരാൾക്ക് ഈശോ സൗഖ്യം നൽകുന്നു" എന്ന്. എനിക്ക് 42 വർഷമായിട്ട് കാലിന്റെ 2 പാദവും ചൊറിഞ്ഞു പൊട്ടുന്ന ഒരു അസുഖം ഉണ്ടായിരുന്നു. മണ്ണിലോ, പൊടിയിലോ സ്പർശിക്കുമ്പോൾ അത് കൂടുകയും ചെയ്യും. ആയ്യുർവേദം, ഹോമിയോ, അലോപ്പതി, വിഷചികിത്സ ഇവയൊക്കെ പരീക്ഷിച്ചിട്ടും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. എന്നും രാത്രിയിൽ കിടക്കുന്നതിനു മുൻപായി കാലു കഴുകി ക്ലോനേറ്റ് - F (clonate-F) എന്ന ഓയിൻമെന്റ് പുരട്ടുന്ന പതിവുണ്ടായിരുന്നു. എന്നാൽ, അച്ചന്റെ ഈ സന്ദേശം കേട്ടതിന് ശേഷം, ഞാൻ ഈശോയെ എന്നെ തൊടേണമേ, എന്നെ സുഖപ്പെടുത്തേണമേ എന്ന് പറഞ്ഞ് ശക്തമായി കരഞ്ഞ് പ്രാർത്ഥിക്കാൻ തുടങ്ങി. അതിനുശേഷം ഇതുവരെയായിട്ട് കാലിൽ ഓയിൻമെന്റ് പുരട്ടുകയോ, കാലിൽ ചൊറിച്ചിൽ അനുഭവപ്പെടുകയോ ഉണ്ടായിട്ടില്ല. ഇത് ഈശോ എനിക്ക് ചെയ്ത് തന്ന മഹാത്ഭുതം ആണ്.

കൂടാതെ എന്റെ കണ്ണിൽ കണ്ണട വച്ചാലും ചെറിയ അക്ഷരങ്ങൾ വായിക്കാൻ ബുദ്ധിമുട്ടായിരുന്നു. ധ്യാനത്തിനിടയിൽ അച്ചൻ വിളിച്ചു പറഞ്ഞു യിൽ അച്ചൻ വിളിച്ചു പറഞ്ഞു "ചെറിയ അക്ഷരങ്ങൾ വായിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് കാഴ്ച ശക്തി വർധിപ്പിച്ച് കൊടുക്കുന്നുണ്ട്" എന്ന്. ഞാൻ വീട്ടിൽ വന്നതിന് ശേഷം സാധാരണ ബൈബിൾ വായിക്കാൻ തുടങ്ങി, ഇപ്പോൾ കണ്ണിന് ചെറിയ അക്ഷരങ്ങൾ വായിക്കാൻ ബുദ്ധിമുട്ടില്ല. എന്റെ കണ്ണിന് കാഴ്ചശക്തി കൂട്ടിനൽകി ദൈവം എന്നെ അനുഗ്രഹിച്ചു. ഈശോയ്ക്ക് ഒരായിരം നന്ദിയും സ്തുതിയും അർപ്പിക്കുന്നു.



**ജോസഫ്**
വെസ്റ്റ്ഹിൽ

## അക്കു എന്ന് വിളിപ്പേര് ഉള്ള കുഞ്ഞിനെ അനുഗ്രഹിക്കുന്നു

എന്റെ മൂന്നരവയസ്സ് പ്രായമുള്ള പേരകുഞ്ഞിന് മലബന്ധത്തിന്റെ അസ്വസ്ഥതകൾ ഉണ്ടായിരുന്നു. ടോയ്‌ലറ്റിൽ പോകുവാൻ സാധിക്കില്ല, ഇരിക്കുവാൻ സാധിക്കില്ല ഇങ്ങനെ ഒരുപാട് ബുദ്ധിമുട്ടുകൾ കുഞ്ഞ് അനുഭവിച്ചിരുന്നു. ഡോക്ടറെ കാണിച്ച് മരുന്ന് കൊടുത്തുവെങ്കിലും കാര്യമായ കുറവ് ഉണ്ടായിരുന്നില്ല. ഞങ്ങൾ അത്ഭുതങ്ങളുടെ ജപമാല സ്ഥിരമായി കാണാറുണ്ട്. ഈ അസ്വസ്ഥത സമർപ്പിച്ച് പ്രാർത്ഥിക്കുകയും പ്രാർത്ഥനാസഹായം ഏൽ റൂഹയിലേക്ക് വിളിച്ച് ചോദിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി മരുന്ന് കഴിക്കാതെ തന്നെ കുഞ്ഞിന് സൗഖ്യം ലഭിച്ചു. എന്നാൽ കുഞ്ഞിന്റെ പേര് പറഞ്ഞെങ്കിൽ മാത്രമേ ഞാൻ വിശ്വസിക്കുകയുള്ളൂ എന്ന് ചിന്തിച്ചു. ഒരു ദിവസത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന അവസരത്തിൽ അച്ചൻ വിളിച്ചു പറഞ്ഞു "അക്കു എന്ന് വിളിപ്പേര് ഉള്ള കുഞ്ഞിനെഅനുഗ്രഹിക്കുന്നു" എന്ന്. എന്റെ കുഞ്ഞിന്റെ പേര് 'അക്കു' എന്നായിരുന്നു. പൂർണ്ണസൗഖ്യം നൽകി എന്റെ പേരകുഞ്ഞിനെ ഈശോ അനുഗ്രഹിച്ചു.

കൂടാതെ, ഒരു ദിവസത്തെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു "അരക്കെട്ടിന് വേദനയുള്ള രണ്ട് സഹോദരിമാരെ സൗഖ്യപ്പെടുത്തുന്നു" എന്ന്. എനിക്ക് അരക്കെട്ടിന് വേദനയുണ്ടായിരുന്നു. അച്ചൻ പറഞ്ഞ രണ്ട് സഹോദരിമാരിൽ ഒരാൾ ഞാനാണെന്ന് ഉറച്ചു വിശ്വസിച്ചു. അതിനുശേഷം അല്പം പോലും വേദന എനിക്കുണ്ടായിട്ടില്ല. പൂർണ്ണസൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

യേശുവേ സ്തുതി യേശുവേ ആരാധന.



**അൽഫോൻസ**
കണ്ണൂർ

## കൈയ്യിൽ തഴമ്പ് പോലുള്ള ഒരാളെ ദൈവം സുഖപ്പെടുത്തുന്നു

ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വെച്ച് നടന്ന താമസിച്ചുള്ള ധ്യാനത്തിൽ ഞാൻ പങ്കെടുത്തിരുന്നു. എന്റെ കൈയ്യിൽ തഴമ്പ് പോലെ കറുത്ത് തടിച്ചിരിക്കുന്ന അവസ്ഥയുണ്ടായിരുന്നു. മറ്റൊരാളുടെ മുൻപിൽ എന്റെ കൈ കാണിക്കുവാൻ മടി തോന്നിക്കുന്ന രീതിയിൽ വലിയ ബുദ്ധിമുട്ട് ഞാൻ അനുഭവിച്ചിരുന്നു. ധ്യാനത്തിനിടയിലെ ആരാധനയിൽ അച്ചൻ വിളിച്ചുപറഞ്ഞു, "കൈയ്യിൽ തഴമ്പ് പോലെയുള്ള ഒരാളെ ദൈവം സ്പർശിക്കുന്നു" എന്ന്. തിരികെ വീട്ടിൽ എത്തിയപ്പോൾ കൈയ്യിൽ തഴമ്പ് പോലെയുള്ളത് പൊളിഞ്ഞ് പോവുകയും ചെയ്തു. പൂർണ്ണസൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

കൂടാതെ എന്റെ അമ്മയ്ക്ക് 20 വർഷത്തോളമായി കാലിന് വേദനയുണ്ടായിരുന്നു. കുറച്ചു ദിവസമായി വേദന കൂടി, കാല് നിലത്ത് കുത്താൻ കഴിയാതെ പരസഹായത്തോടെയാണ് നടന്നിരുന്നത്. അമ്മയ്ക്ക് വേണ്ടി അത്ഭുതങ്ങളുടെ ജപമാല കൂടി പ്രാർത്ഥിക്കുവാനും സൗഖ്യം കിട്ടിയാൽ സാക്ഷ്യപ്പെടുത്തുവാനും തീരുമാനിച്ചു. പിറ്റേ ദിവസം അമ്മയെ കാണുവാൻ ചെന്നപ്പോൾ അമ്മയുടെ കാല് വേദന പൂർണ്ണമായും സൗഖ്യപ്പെട്ടതായും സ്വയം എഴുന്നേറ്റ് നടക്കുന്നതായും കാണുവാൻ കഴിഞ്ഞു.

യേശുവേ നിന്റെ വലിയ കരുണയ്ക്ക് ഒരായിരം നന്ദി അർപ്പിക്കുന്നു



**മോളി ജോസ്**
വണ്ണപ്പുറം

## സ്മിതയെ ഈശോ തൊട്ട് അനുഗ്രഹിക്കുന്നു

എന്റെ ഒരു സുഹൃത്ത് വഴിയാണ് ഞാൻ ഏൽറൂഹ അത്ഭുതങ്ങളുടെ ജപമാലയെക്കുറിച്ച് അറിയുവാനിടയായത്. എനിക്ക് കുറച്ചു നാളുകളായി ശക്തമായ വയറുവേദന അനുഭവപ്പെട്ടിരുന്നു. എന്ത് ഭക്ഷണം കഴിച്ചാലും എനിക്ക് വയറുവേദനയായിരുന്നു. അതിനാൽ ഭക്ഷണമൊന്നും തന്നെ എനിക്ക് കഴിക്കുവാൻ പറ്റാത്ത അവസ്ഥയായിരുന്നു. ഡോക്ടറെ കാണിച്ചപ്പോൾ ഗ്യാസിനുള്ള കുറച്ച് മരുന്ന് കുറിച്ച് തന്നു. അത് കഴിച്ചിട്ടും തീരെ കുറയുന്നുണ്ടായിരുന്നില്ല. വീണ്ടും ഡോക്ടറെ കാണിച്ചപ്പോൾ മറ്റൊരു ഹോസ്പിറ്റലിലേക്ക് മാറ്റുകയും, മൂന്ന് മാസം കൊണ്ട് അപോയിന്റ്മെന്റ് എടുത്തപ്പോൾ കുറെ വൈകിയാണ് ഏകദേശം ഡിസംബർ മാസത്തോടുകൂടിയാണ് കിട്ടിയത്.

വലിയ കടുപ്പമുള്ള ജോലിയാണ് ഞാൻ ചെയ്യുന്നത്. എനിക്ക് തീരെ ഭക്ഷണം കഴിക്കുവാൻ പറ്റാതെയായി. എന്തെങ്കിലും കുറച്ച് വറുത്ത അരിപ്പൊടി വാങ്ങി അത് പച്ചവെള്ളത്തിൽ കലക്കി ദോശക്കല്ലിൽ കോരിയൊഴിച്ച് മൂന്ന് നേരവും കഴിച്ചാണ് ഈ മൂന്ന് മാസം കഴിഞ്ഞത്. തുടർന്ന് ഭയങ്കര ബുദ്ധിമുട്ടായി തുടങ്ങി. വയറുവേദന കാരണവും ഭക്ഷണം കഴിക്കുവാൻ സാധിക്കാത്തതിനാലും എഴുന്നേറ്റു നിൽക്കുവാനോ ജോലിയിൽ ശ്രദ്ധിക്കുവാനോ സാധിക്കാത്ത അവസ്ഥയിലായി. അങ്ങനെ വല്ലാത്ത വിഷമത്തിലൂടെ കടന്ന് പോയിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ് എന്റെ സുഹൃത്ത് വഴി അത്ഭുതങ്ങളുടെ ജപമാലയുടെ ലിങ്ക് കിട്ടിയത്. അത് മൂന്നു ദിവസം കൂടി അച്ചൻ ജപമാലക്കിടയിൽ പറഞ്ഞു, "വയറിന് അസ്വസ്ഥതയുള്ളവർ 7 ആഴ്ച നിയോഗം വെച്ച് അത്ഭുതങ്ങളുടെ ജപമാലയും നൊവേനയും കൂടുവാൻ ഈശോ പറയുന്നു" എന്ന്. ഞാൻ അങ്ങനെ ചെയ്യുവാൻ തുടങ്ങി. പക്ഷേ എന്റെ വയറുവേദന കൂടുതലായി. ഒരു ദിവസത്തെ ജപമാലയിൽ മുട്ടിന്മേൽ നിന്ന് കരഞ്ഞു പ്രാർത്ഥിച്ചു. അച്ചൻ എന്റെ പേര് പറഞ്ഞെങ്കിൽ എന്ന് ഞാൻ ശക്തമായി പ്രാർത്ഥിച്ചു. 15-ാം തീയ്യതിയിലെ ജപമാലയിൽ പേരുകൾ പറയുന്ന കൂട്ടത്തിലല്ലാതെ എന്റെ പേര് മാത്രം പ്രത്യേകം എടുത്ത് 'തൊട്ട് അനുഗ്രഹിക്കുന്നു' എന്ന് അച്ചൻ വിളിച്ചുപറഞ്ഞു. ഇപ്പോൾ നാല് മാസമായി ഞാൻ കഴിക്കാതിരുന്ന എല്ലാ ഭക്ഷണങ്ങളും എനിക്ക് കഴിക്കുവാൻ സാധിക്കുന്നു. വയറുവേദന അല്പം പോലും അനുഭവപ്പെടുന്നില്ല. പരിപൂർണ്ണസൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

യേശുവേ, നിന്റെ വലിയ കരുണയ്ക്ക് കോടാനുകോടി നന്ദി



**സ്മിത**
ഇസ്രായേൽ

## ചുണങ്ങുപോലെ വെളുത്ത നിറത്തിൽ ദേഹത്ത് പാടുകളുള്ള ഒരാളെ ദൈവം സുഖപ്പെടുത്തുന്നു

2022 ഒക്ടോബർ മാസം മുതൽ അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുക്കുന്ന ആൾ ആണ് ഞാൻ. ഈ ശുശ്രൂഷയിലൂടെ നിരവധി അനുഗ്രഹങ്ങളാണ് എനിക്കും എന്റെ കുടുംബത്തിനും ലഭിച്ചു കൊണ്ടിരിക്കുന്നത്. എന്റെ മകന്റെ കൈയ്യിലും കഴുത്തിലും മുഖത്തുമെല്ലാം ചുണങ്ങുപോലെ വെളുത്ത നിറത്തിലുള്ള പാടുകളായിരുന്നു. 8 മാസത്തോളമായി പാട് ഉണ്ടായിരുന്നു. ഞാൻ പല ആശുപത്രികളിൽ പോയി കാണിച്ചെങ്കിലും ഫലമുണ്ടായില്ല. തരുന്ന ഓയിൻമെന്റുകൾ പുരട്ടി കഴിഞ്ഞാൽ പാടുകൾ മാഞ്ഞു പോകും, ഓയിൻമെന്റ് നിർത്തി കഴിഞ്ഞാൽ വീണ്ടും പാടുവരും, അങ്ങനെ ഒരു അവസ്ഥയായിരുന്നു. അങ്ങനെ 13 അത്ഭുതങ്ങളുടെ ജപമാല എടുത്ത് ഞാൻ നിയോഗം വച്ച് പ്രാർത്ഥിച്ചു. അനുഗ്രഹം കിട്ടിയാൽ സാക്ഷ്യപ്പെടുത്താം എന്ന് നിയോഗം വച്ചിരുന്നു. അതിന്റെ ഫലമായി ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു "ചുണങ്ങുപോലെ വെളുത്ത നിറത്തിൽ ദേഹത്ത് പാടുകളുള്ള ഒരാളെ ദൈവം സുഖപ്പെടുത്തുന്നു" എന്ന്. അത് എന്റെ കുട്ടിയാണെന്ന് പൂർണ്ണമായ് വിശ്വസിച്ച് പ്രാർത്ഥിച്ചു. ഇപ്പോൾ ഒരു മാസത്തോളമായ് ദേഹത്ത് ഒരു ഓയിൻമെന്റും പുരട്ടിയിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി എന്റെ കുഞ്ഞിനെ ദൈവം അനുഗ്രഹിച്ചു. യേശുവേ നന്ദി, യേശുവേ സ്തുതി.



**സിജ**, തൊടുപുഴ

## വിവാഹതടസ്സം എടുത്തുമാറ്റി ഈശോ അനുഗ്രഹിച്ചു

എന്റെ കൂട്ടുക്കാരൻ മാൾട്ടയിൽ ജോലി ചെയ്യുകയാണ്. 35 വയസ്സായിട്ടും വിവാഹം നടക്കുന്നില്ലായിരുന്നു. പല കാരണത്താൽ വിവാഹം നീണ്ടു പോവുകയും ഉറപ്പിച്ച വിവാഹം മുടങ്ങുകയും ചെയ്തു. വലിയ നിരാശയിലൂടെ കടന്നുപോകുന്ന അവസരത്തിൽ ഞാൻ അവന് അത്ഭുതങ്ങളുടെ ജപമാലയുടെ ലിങ്ക് അയച്ച് കൊടുത്തു. അങ്ങനെ ഞങ്ങൾ 2 പേരും ഒരുപോലെ നിയോഗം വച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. ഒരു മാസത്തെ ലീവ് എടുത്ത് അവൻ നാട്ടിലേക്ക് വരികയും ഒരു പെൺകുട്ടിയെ ചെന്ന് കാണുകയും ചെയ്തു. തുടക്കത്തിൽ വലിയ പ്രതീക്ഷയില്ലായിരുന്നു. ഏതാനും ദിവസത്തിനു ശേഷം പെൺകുട്ടിയുടെ വീട്ടുക്കാരുടെ ഭാഗത്ത് നിന്നും മറുപടി വരികയും വിവാഹത്തിന് സമ്മതിക്കുകയും ചെയ്തു. വളരെ പെട്ടന്ന് തന്നെ 2022 സെപ്തംബർ 17 ന് അവരുടെ വിവാഹം വളരെ മനോഹരമായി നടക്കുകയും ചെയ്തു. ഇത് വലിയൊരു അത്ഭുതം തന്നെയാണ്. കാരണം ഒരു സാധ്യതയും ഇല്ലാതെ, വിവാഹം നീണ്ടു പോവുകയായിരുന്നു. അത്ഭുതങ്ങളുടെ ജപമാലയിലൂടെ ഇത്രയും വലിയ അനുഗ്രഹം ചൊരിഞ്ഞ ദൈവത്തിന് നന്ദി.



**ലിജോ**, ബാംഗ്ലൂർ

## മൂന്ന് മക്കളുടെ കോടതി കേസ് അവസാനിപ്പിച്ച് അനുഗ്രഹിക്കുന്നു

2022 ഫെബ്രുവരി മാസം മുതലാണ് ഞാൻ ഏൽ റൂഹ അത്ഭുതങ്ങളുടെ ജപമാല കണ്ടു തുടങ്ങിയത്. ജൂൺ മാസത്തിൽ ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനത്തിൽ ഞാനും എന്റെ മകളും പങ്കെടുത്തിരുന്നു. 33 ദിവസം നിയോഗം വെച്ച് അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒക്ടോബർ 25-ാം തീയ്യതിയിലെ അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ വിളിച്ചുപറഞ്ഞു "മൂന്ന് മക്കളുടെ കോടതി കേസ് അവസാനിപ്പിച്ച് അനുഗ്രഹിക്കുന്നു"എന്ന്. അതിൽ ഒന്ന് എന്റേതാണ് എന്ന് ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. ഇതിന്റെ ഫലമായി 32 ദിവസം കൊണ്ട് കേസ് അവസാനിക്കുവാൻ ഇടയാക്കി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ 4 വർഷമായുള്ള കാലിന്റെ അലർജിരോഗം പൂർണ്ണമായി സൗഖ്യപ്പെടുത്തിയും കർത്താവ് എന്നെ അനുഗ്രഹിച്ചു.

യേശുവേ നിന്റെ എല്ലാ അനുഗ്രഹങ്ങളെയും പ്രതി കോടാനുകോടി നന്ദി



**പ്രിൻസി**
ചാലക്കുടി

## ചിപ്പിയെ ഈശോ സ്പർശിക്കുന്നു

എന്റെ മകൾ ചിപ്പി '8' പ്രാവശ്യം IELTS പരീക്ഷയും ഒരു തവണ OET പരീക്ഷയും എഴുതിയെങ്കിലും പാസായില്ല. പിന്നെ അബുദാബിയിലെ ഹാദ് പരീക്ഷയെഴുതുവാനായി വിസിറ്റിങ് വിസയ്ക്ക് വിദേശത്ത് പോയി എഴുതിയെങ്കിലും പാസായില്ല. മകൾ രണ്ടാം പ്രാവശ്യം ഈ പരീക്ഷ എഴുതുവാൻ പോകുന്നതിനു മുൻപായാണ് ഞാൻ ഏൽ റൂഹ അത്ഭുതങ്ങളുടെ ജപമാലയെക്കുറിച്ച് അറിയുവാനിടയായത്. മകൾ പരീക്ഷയിൽ പാസകണമെന്ന നിയോഗം വെച്ച് 3 പ്രാവശ്യം ഞാൻ അത്ഭുതങ്ങളുടെ ജപമാല കൂടിയെങ്കിലും പരീക്ഷയിൽ അവൾ പാസാ യില്ല. ഇനി ജപമാല കാണുന്നില്ല എന്ന് ഞാൻതീരുമാനിച്ചുവെങ്കിലും ജപമാല മുടക്കരുത് എന്ന് കർത്താവ് പ്രേരണ തന്നതനുസരിച്ച് ഒരു തവണ കൂടി ഞാൻ ജപമാലയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു, "വിദേശത്ത് വെച്ച് നടക്കുന്ന പരീക്ഷയിൽ 3 പേർക്ക് വിജയം നൽകി കർത്താവ് അനുഗ്രഹിക്കുന്നു" എന്ന്. അതിലൊന്ന് എന്റെ മകൾ ആയിരിക്കണമേയെന്ന് ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. പിന്നെയുള്ള ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു, "ചിപ്പി എന്ന പേര് തരുന്നു, ചിപ്പിയെ സ്പർശിക്കുന്നു, നന്നായി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു." എന്റെ മകൾ പാസാകുമോയെന്ന് ഭയമുണ്ടെങ്കിലും 13 ജപമാല നിയോഗം വെച്ച് വീണ്ടും പ്രാർത്ഥിച്ചു. വിസ്സയുടെ കാലാവധി തീരുന്നതിനുമുൻപ് ദുബായിലേക്കുള്ള OET പരീക്ഷയും എഴുതി. ജൂലൈ 18നായിരുന്നു പരീക്ഷ. 19-ാം തീയ്യതിയുള്ള ജപമാലയിൽ മകൾ പാസാകണമേയെന്ന് ഞാൻ ശക്തമായി പ്രാർത്ഥിച്ചു. ചൊവ്വാഴ്ച അതായത് 19-ാം തിയ്യതി 11.30 ആയ പ്പോഴേക്കും result വന്നു. എന്റെ മകൾ പാസാകുവാൻ ഇടയാക്കി കർത്താവ് അനുഗ്രഹിച്ചു.



**ഡെയ്സി**
കണ്ണൂർ

മുൻപുള്ള ജപമാലയിൽ അച്ചൻ വിറകുപുര ശ്രദ്ധിക്കുക എന്ന് സന്ദേശം പറഞ്ഞിരുന്നു. ഓഗസ്റ്റ് 19-ാം തീയ്യതിയിലെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു, 'വിറകുകൾ വച്ചിരിക്കുന്ന സ്ഥലത്ത് നിന്ന് പാമ്പിനെ കിട്ടിയ സ്ഥലം വെഞ്ചിരിക്കണം' എന്ന്. അത് എന്റെ ഭവനമായിരുന്നു.

ഈശോയെ നിന്റെ അനുഗ്രഹങ്ങൾക്ക് ഒരായിരം നന്ദി അർപ്പിക്കുന്നു.

## ജോലി നഷ്ടപ്പെട്ട '13'പേർക്ക് ഈശോ ജോലി തിരിച്ചു നൽകുന്നു

കഴിഞ്ഞ ജൂലൈമാസം മൂന്ന് മാസത്തേക്ക് ഞാൻ ഖത്തറിൽ ജോലിക്ക് വന്നിരുന്നു. കോൺടാക്ട് വിസ്സയ്ക്കാണ് പോയിരുന്നത്. പെർമനന്റ് ആക്കാം എന്ന് അവർ പറഞ്ഞിരുന്നെങ്കിലും മൂന്ന് മാസം കഴിഞ്ഞപ്പോൾ കോൺടാക്ട് പുതുക്കുന്നില്ല വിസ്സ ക്യാൻസൽ ചെയ്ത് വീട്ടിലേക്ക് പോകുവാൻ പറഞ്ഞു. വലിയ വിഷമമായി നവംബറിൽ ഞാൻ വീട്ടിലേക്ക് പോന്നു. ഞങ്ങൾ എല്ലാവരും 'അത്ഭുതങ്ങളുടെ ജപമാല' കണ്ട് പ്രാർത്ഥിക്കുവാൻ തുടങ്ങി. ഒരു ദിവസത്തെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു. 'ജോലി തടസമുള്ളവർ പ്രാർത്ഥിക്കുക ആ മേഖലയിൽ കർത്താവ് ഇടപ്പെടുന്നു' എന്ന്. ഞങ്ങൾ പ്രാർത്ഥന ശക്തമാക്കി. കൂടാതെ മാതാവിന്റെ കുരുക്കഴിക്കുന്ന പ്രാർത്ഥനയും ചൊല്ലുന്നുണ്ടായിരുന്നു. അടുത്ത ദിവസത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു, "ജോലി നഷ്ടപ്പെട്ട 13 പേർക്ക് ഈശോ ജോലി തിരിച്ചു നൽകുന്നു" എന്ന് അതിൽ ഒരാൾ ഞാനാണെന്ന് വിശ്വസിച്ച് പ്രാർത്ഥിച്ചു. ജനുവരി മാസം അവർ എന്നെ വീണ്ടും ജോലിയിൽ തിരിച്ചെടുത്തു എന്നുള്ള മെയിൽ വന്നു. ജോലി തടസം പൂർണ്ണമായും എടുത്തു മാറ്റി കർത്താവ് എന്നെ അനുഗ്രഹിച്ചു.



**സോണിയ ജിതിൻ**
തൃശ്ശൂർ

## അമ്മയാകാനുള്ള ഭാഗ്യം നൽകി കർത്താവ് അനുഗ്രഹിച്ചു

എന്റെ സഹോദരിയുടെ വിവാഹം കഴിഞ്ഞ് ആറ് മാസത്തിൽ കൂടുതൽ ആയിട്ടും ഗർഭം ധരിക്കാൻ ഉള്ള ഭാഗ്യം ഉണ്ടായിരുന്നില്ല. എന്നാൽ ഏൽ റൂഹ പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി അമ്മയാകാനുള്ള ഭാഗ്യം നൽകി എന്റെ സഹോദരിയെ കർത്താവ് അനുഗ്രഹിച്ചു. ഒപ്പം സഹോദരിയുടെ ഭർത്താവിന് ജോലി ലഭിക്കുകയും എന്റെ നിരവധിയായ കുടുംബപ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാൻ ഇടയാക്കിയും കർത്താവ് ഞങ്ങളെ അനുഗ്രഹിച്ചു. എന്റെയും എന്റെ കുടുംബത്തിലും അങ്ങ് വർഷിച്ച എല്ലാ കൃപകൾക്കും യേശുവേ അങ്ങേക്ക് ഒരായിരം നന്ദി.



**ആൻസൺ ജോസ്**
വയനാട്

## 5 പേരുടെ ചെവിയിലെ പഴുപ്പ് ഈശോ സുഖപ്പെടുത്തുന്നു

എനിക്ക് 10 വർഷം മുൻപ് ചെവിയിൽ പഴുപ്പ് വന്ന് നിറഞ്ഞതിനാൽ ഒരു ഓപ്പറേഷൻ നടത്തിയിരുന്നു. ഓപ്പറേഷനുശേഷം വലിയ കുറവുണ്ടായിരുന്നു. എന്നാൽ കുറച്ചു ദിവസങ്ങൾക്കു ശേഷം വീണ്ടും ചെവിയിൽ നിന്ന് പഴുപ്പ് വരുവാൻ തുടങ്ങി. നല്ല വേദനയും ഉണ്ടായിരുന്നു. ഡോക്ടേഴ്സിനെ കാണിച്ചപ്പോൾ ചെവിയിൽ നിറയെ പഴുപ്പ് നിറഞ്ഞിരിക്കുകയാണ് ക്ലീൻ ചെയ്യണം എന്ന് പറഞ്ഞു. ചെവിയിൽ ഉറ്റിക്കാൻ മരുന്ന് തന്നു. എന്നാൽ ഒട്ടും കുറവുണ്ടായിരുന്നില്ല. ഞാൻ നിയോഗം വെച്ച് 'അത്ഭുതങ്ങളുടെ ജപമാലയിൽ' പങ്കെടുത്ത് പ്രാർത്ഥിക്കുവാൻ തുടങ്ങി. സൗഖ്യം ലഭിച്ചാൽ സാക്ഷ്യപ്പെടുത്താനും തീരുമാനിച്ചു.

ഒരു ദിവസത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു, '5 പേരുടെ ചെവിയിലെ പഴുപ്പ് ഈശോ സുഖപ്പെടുത്തുന്നു' എന്ന്. അതിൽ ഒന്ന് ഞാനാണെന്ന് വിശ്വസിച്ച് നന്ദി പറഞ്ഞു സ്വീകരിച്ചു. 2 ദിവസങ്ങൾക്കു ശേഷം എന്റെ ചെവിയിലെ പഴുപ്പ് പൂർണ്ണമായും മാറ്റി സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ എന്റെ മൂത്തമകൾക്ക് തീരെ വിശ്വാസം ഇല്ലായിരുന്നു. 'അത്ഭുതങ്ങളുടെ ജപമാല'-യിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകളുടെ അലസത മാറി, അവൾ വിശ്വാസത്തിലേക്ക് കടന്നുവരുന്നതിന് ഇടയാക്കി, കൂടാതെ, എനിക്ക് മലദ്വാരത്തിൽ ഒരു തടിപ്പുണ്ടായിരുന്നു. വല്ലാത്ത വേദനയും അനുഭവപ്പെട്ടിരുന്നു. ഒരു ദിവസത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുത്തുകൊണ്ടിരുന്ന അവസരത്തിൽ അച്ചൻ വിളിച്ചു പറഞ്ഞു, ''മലദ്വാരത്തിൽ തടിപ്പുള്ളയാളെ ഈശോ സുഖപ്പെടുത്തുന്നു'' എന്ന്. രണ്ട് മൂന്ന് ദിവസങ്ങൾക്കു ശേഷം എനിക്ക് പൂർണ്ണസൗഖ്യം ലഭിച്ചു.

നിന്റെ അളവില്ലാത്ത കൃപയ്ക്ക് യേശുവേ നിനക്ക് ഒരായിരം നന്ദിയും ആരാധനയും അർപ്പിക്കുന്നു.



**സിസിലി,** വടകര

## കറക്ട് ടൈമിൽ ഭക്ഷണം കഴിക്കാതിരിക്കുമ്പോൾ വയറ് കത്തുന്ന ഒരു മകളെ കർത്താവ് സുഖപ്പെടുത്തുന്നു

ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വച്ച് ജൂൺ 12-ാം തീയതി മുതൽ നടന്ന താമസിച്ചുള്ള ധ്യാനത്തിൽ ഞാൻ പങ്കെടുത്തിരുന്നു. എനിക്ക് കൃത്യസമയത്ത് ഭക്ഷണം കഴിച്ചില്ലെങ്കിൽ വയറ് കത്തുന്ന തരത്തിൽ ഉള്ള ഒരു അസുഖം ഉണ്ടായിരുന്നു. അത് കൊണ്ട് തന്നെ ധ്യാന ദിവസങ്ങളിലൊക്കെ ഭക്ഷണം കഴിക്കാൻ വൈകുമ്പോൾ വല്ലാത്ത ബുദ്ധിമുട്ട് ഞാൻ അനുഭവിച്ചിരുന്നു. വ്യാഴാഴ്ചത്തെ ആരാധനയിൽ അച്ചൻ വിളിച്ചുപറഞ്ഞു, ''കറക്ട് ടൈമിൽ ഭക്ഷണം കഴിക്കാതിരിക്കുമ്പോൾ വയറ് കത്തുന്ന ഒരു മകളെ കർത്താവ് സുഖപ്പെടുത്തുന്നു'' എന്ന്. പിന്നീട് ഇതുവരെയും എനിക്ക് ഈ അസ്വസ്ഥത ഉണ്ടായിട്ടില്ല. പൂർണ്ണസൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. യേശുവേ നന്ദി, യേശുവേ സ്തോത്രം.



**സാന്ദ്ര സി.ബി**
ഒല്ലൂർ

## 12 വർഷമായുള്ള മുടി കൊഴിച്ചിൽ ഈശോ സുഖപ്പെടുത്തുന്നു

ഞാൻ ഫിയാത്ത് മിഷനിൽ നിന്ന് ജൂലൈ 31 മുതൽ വെള്ളിയാഴ്ച വരെയുണ്ടായിരുന്ന ധ്യാനത്തിൽ പങ്കെടുത്തിരുന്നു. എനിക്ക് 12 വർഷമായി ശക്തമായി മുടികൊഴിച്ചിൽ ഉണ്ടായിരുന്നു. രാവിലെ എഴുന്നേൽക്കുമ്പോൾ തലയിണയിൽ മുടി വാരിയെടുക്കാൻ തരത്തിൽ കൊഴിഞ്ഞ് കിടക്കുന്ന അവസ്ഥയായിരുന്നു. ബാക്കി കുറേ തറയിലും കാണുമായിരുന്നു. '5 പേരുടെ മുടികൊഴിച്ചിൽ ഈശോ സുഖപ്പെടുത്തുന്നു, മുടി കൊഴിച്ചിൽ ഉള്ളവർ നന്നായ് പ്രാർത്ഥിക്കുക' എന്ന് അച്ചൻ വിളിച്ചുപറഞ്ഞിരുന്നു. അവരിലൊരാൾ ഞാനാകണേ എന്ന് പ്രാർത്ഥിച്ചിരുന്നു. പിറ്റേദിവസം ഞാനെഴുന്നേറ്റപ്പോൾ തലയിണയിൽ മൂന്ന്, നാല് മുടിയുണ്ടായിരുന്നു. അത് കൊണ്ട് ഞാനവിടെ സാക്ഷ്യം പറഞ്ഞില്ല. എന്നാൽ വീട്ടിൽ വന്ന് 2 ദിവസം കഴിഞ്ഞ് ഞാൻ ശ്രദ്ധിച്ചപ്പോൾ എഴുന്നേൽക്കുമ്പോൾ തലയിണയിൽ അല്പം പോലും മുടിയുണ്ടായിരുന്നില്ല. തറയിലും ഇല്ലായിരുന്നു. 12 വർഷമായുള്ള ശക്തമായ മുടികൊഴിച്ചിലിൽ നിന്ന് പൂർണ്ണസൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

ഈശോയെ നിന്റെ വലിയ സ്നേഹത്തിന് കോടാനുകോടി നന്ദി.



**ട്രീസ ഫ്രാൻസിസ്**
ഇരിങ്ങാലക്കുട

## പ്രതിസന്ധികളെ തരണം ചെയ്യാൻ ബാബുവിനെ കർത്താവ് അനുഗ്രഹിക്കുന്നു

ഏൽറൂഹ കുടുംബത്തിന്റെ അംഗമായതിനെ തുടർന്ന് സ്ഥിരമായി അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുക്കുന്ന കുടുംബമായിരുന്നു ഞങ്ങൾ. കോവിഡിന്റെ തുടക്കത്തിൽ എന്റെ ജോലി നഷ്ടപ്പെട്ടു. വളരെ വിഷമത്തോടെയാണെങ്കിലും അത്ഭുത ജപമാലയിൽ പങ്കെടുത്തുകൊണ്ടിരുന്ന അവസരത്തിൽ എന്റെ ഭാര്യ മോളിയുടെ പേര് അച്ചൻ വിളിച്ചു പറയുകയുണ്ടായി. എന്റെ സ്ഥലവിൽപന നടക്കുന്നില്ലായിരുന്നു. എന്നാൽ സ്ഥലവിൽപനയെ സംബന്ധിക്കുന്ന ഒരു സാക്ഷ്യം അത്ഭുത ജപമാലയിൽ കേട്ടതിന്റെ ഫലമായി 33 ദിവസം 33 പ്രാവശ്യം വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചു. വിൽപന നടന്നാൽ സാക്ഷ്യപ്പെടുത്താമെന്നും തീരുമാനിച്ചു. അതിന്റെ ഫലമായി 33 ദിവസത്തിനുള്ളിൽ 4 വർഷമായി കച്ചവടം നടക്കാതിരുന്ന സ്ഥലത്തിന്റെ വിൽപന നടന്നു.

എനിക്ക് ഇടയ്ക്ക് സുഖമില്ലാതെ വന്ന അവസരത്തിൽ ഡോക്ടറെ കാണിച്ചപ്പോൾ ഒരു ബ്ലോക്ക് ഉണ്ടെന്നും ഉടനെ ഇഞ്ചെക്ഷൻ എടുക്കണമെന്നും പറയുകയുണ്ടായി. ഇവിടെയും ഞങ്ങൾ 33 ദിവസം വിശ്വാസപ്രമാണം 33 പ്രാവശ്യം ചൊല്ലി പ്രാർത്ഥിക്കുകയും അത്ഭുതങ്ങളുടെ ജപമാല കാണുകയും സാക്ഷ്യപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്തു. തുടർന്നുള്ള പരിശോധനയിൽ യാതൊരു കുഴപ്പവുമില്ലായെന്നും ബ്ലോക്ക് ഇല്ലാത്തതിനാൽ മരുന്ന് കഴിക്കേണ്ട ആവശ്യം ഇല്ലാ എന്നും ഡോക്ടർ പറഞ്ഞു.

കൂടാതെ ഞാൻ ഏറ്റവും അടുത്തിടപ്പെടുന്ന വ്യക്തിക്ക് ശക്തമായ പനി ആരംഭിച്ചു. പനി തുടങ്ങുന്ന സമയം വരെയും ഞങ്ങൾ ഒരുമിച്ച് ജോലി ചെയ്തിരുന്നു. എന്നാൽ അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് പനി വന്നില്ല. കൂടാതെ എന്റെ മകൾക്ക് +2 പരീക്ഷയിൽ ഉന്നത വിജയം നൽകിയും കർത്താവ് അനുഗ്രഹിച്ചു. ജൂൺ 28-ാം തിയ്യതി നടന്ന അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ പറഞ്ഞു 'പ്രതിസന്ധികളെ തരണം ചെയ്യാൻ ബാബുവിനെ അനുഗ്രഹിക്കുന്നു' എന്ന്. എന്റെ പേര് ബാബു എന്നാണ്.

ഓ എന്റെ യേശുവേ നിന്റെ കൃപകളോർത്ത് ഞാൻ ആരാധിക്കുന്നു സ്തുതിക്കുന്നു മഹത്വപ്പെടുത്തുന്നു.



**ബാബു**
ആളൂർ

## യൂറിൻ ഇൻഫെക്ഷൻ ഉള്ളവരെ കർത്താവ് സുഖപ്പെടുത്തുന്നു

എനിക്ക് 6 വർഷമായി യൂറിൻ ഇൻഫെക്ഷൻ ഉണ്ടായിരുന്നു. പല ഡോക്ടേഴ്സിനെയും മാറി മാറി കാണിച്ചെങ്കിലും യാതൊരു കുറവും ഉണ്ടായിരുന്നില്ല. അത്ഭുതങ്ങളുടെ ജപമാല ഞാൻ കാണാറുണ്ടായിരുന്നു. ഒരു ദിവസത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു ''യൂറിൻ ഇൻഫെക്ഷൻ ഉള്ളവർ പ്രാർത്ഥിച്ചോ, സുഖപ്പെടുത്തുന്നു'' എന്ന്. അന്ന് യൂറിൻ ഇൻഫെക്ഷൻ മൂലമുണ്ടാകാറുള്ള വേദനയോടുകൂടിയാണ് ഞാൻ ജപമാലയിൽ പങ്കെടുത്തിരുന്നത്. അച്ചൻ സന്ദേശം വിളിച്ചു പറഞ്ഞപ്പോൾ അത് എന്നെയാണ് എന്ന് വിശ്വസിച്ച് ഞാൻ പ്രാർത്ഥിച്ചു. ഇപ്പോൾ '6' മാസമായിട്ടും എനിക്ക് യൂറിൻ ഇൻഫെക്ഷൻ വന്നിട്ടില്ല. പൂർണ്ണസൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. കൂടാതെ പല്ലിശല്യം, എലിശല്യം മാറി കിട്ടിയെന്നൊക്കെ സാക്ഷ്യം പറയുന്നത് അത്ഭുതങ്ങളുടെ ജപമാലയിൽ ഞാൻ കേട്ടിരുന്നു. എന്റെ വീട്ടിലും എലിശല്യം ഉണ്ടായിരുന്നു. അപ്പോൾ എന്റെ വീട്ടിലും എലി ശല്യം ഉണ്ടല്ലോ മാതാവേ എന്ന് ഞാൻ പറയുമായിരുന്നു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ തന്നെ എലിശല്യവും കർത്താവ് പൂർണ്ണമായും എടുത്തുമാറ്റി അനുഗ്രഹിച്ചു.

ഒരു ചെറിയ മഴ ശക്തമായി പെയ്യുമ്പോഴേക്കും എന്റെ വീട്ടിലെ കിണർ ആകെ കലങ്ങി മറിഞ്ഞ് മഞ്ഞ കളറാകുന്ന അവസ്ഥയായിരുന്നു. അതുകൊണ്ട് തന്നെ വെള്ളം ഉപയോഗിക്കാൻ പറ്റാത്തതിനാൽ വല്ല്യപ്പന്റെ വീട്ടിൽ പോയിട്ടാണ് വെള്ളം കൊണ്ടുവന്നിരുന്നത്. ഒരു ദിവസത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു, ''ശക്തമായി മഴപെയ്യുമ്പോൾ കലങ്ങുന്ന ഒരു കിണർ കാണിക്കുന്നുണ്ട്. പ്രാർത്ഥിച്ചോളൂ'' എന്ന്. അത് എന്റെ വീട്ടിലെ കിണറായിരുന്നു. ഞങ്ങൾ വിശ്വസിച്ച് പ്രാർത്ഥിച്ചു. പിന്നീട് ശക്തമായ മഴ പെയ്തിട്ടും കിണർ കലങ്ങിയിട്ടില്ല. വളരെ തെളിഞ്ഞ വെള്ളമാണ് ഞങ്ങൾ ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്.

യേശുവേ, നീ നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിനക്ക് സ്തുതിയും നന്ദിയും അർപ്പിക്കുന്നു.



**അഞ്ജന**
ഇരിങ്ങാലക്കുട

## S.S.L.C പരീക്ഷയിൽ മുഴുവൻ A+ നൽകി കർത്താവ് അനുഗ്രഹിച്ചു

ഞാൻ SSLC പരീക്ഷയെഴുതി റിസൾട്ടിനായി കാത്തിരിക്കുകയായിരുന്നു. എനിക്ക് Maths വിഷയം വളരെ ബുദ്ധിമുട്ടായിരുന്നു. കഴിഞ്ഞ കൊല്ല പരീക്ഷയിൽ Maths-ന് ഞാൻ തോൽക്കുകയും ചെയ്തിരുന്നു. അന്നത്തെ ജനുവരി മാസം മുതൽ ഞാൻ മുടങ്ങാതെ അത്ഭുതങ്ങളുടെ ജപമാലയിൽ നിയോഗം വച്ച് പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി S.S.L.C യുടെ റിസൾട്ട് വന്നപ്പോൾ Maths ഉൾപ്പെടെ എല്ലാ വിഷയങ്ങൾക്കും A+ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

ഈശോയെ നിന്റെ വലിയ അനുഗ്രഹത്തിന് കോടാനുകോടി നന്ദി.



**ആൻമരിയ**
തൃശ്ശൂർ

## കണ്ണിന്റെ ഞരമ്പ് പൊട്ടിയ ആളെ കർത്താവ് സുഖപ്പെടുത്തുന്നു

ഒരു ദിവസം രാവിലെയെഴുന്നേറ്റപ്പോൾ എന്റെ വലതുകണ്ണ് ഒട്ടിപ്പിടിക്കുന്നതു പോലെ എനിക്കനുഭവപ്പെട്ടു. പലപ്രാവശ്യം കഴുകി നോക്കിയെങ്കിലും ഒരു മഴവില്ല് തെളിഞ്ഞുനിൽക്കുന്നതുപോലെയാണ് എനിക്ക് തോന്നിയത്. അന്ന് വൈകുന്നേരം ഞാൻ ഇടതുകണ്ണ് പൊത്തിപ്പിടിച്ച് വലതുകണ്ണിലൂടെ നോക്കിയപ്പോൾ എന്റെ വലതുകണ്ണിന്റെ കാഴ്ച മങ്ങിപ്പോയിരിക്കുകയാണ് എന്ന് മനസ്സിലായി. ഹോസ്പിറ്റലിൽ പോയപ്പോൾ പരിശോധിച്ചതിനുശേഷം ഡോക്ടർ പറഞ്ഞു, കണ്ണിന്റെ ഞരമ്പ് പൊട്ടി രക്തം കട്ടപിടിച്ച് കിടക്കുകയാണ് എന്ന്. അതിനാൽ അവർ എന്നെ മറ്റൊരു ഹോസ്പിറ്റലിലേക്ക് മാറ്റി. അവിടെവെച്ച് എന്റെ കണ്ണിൽ മരുന്ന് ഒഴിച്ച് ചെക്ക് ചെയ്തതിനുശേഷം സ്കാൻ ചെയ്തു. എന്നാൽ ആദ്യത്തെ ആശുപത്രിയിൽ പറഞ്ഞ അതേ കാര്യം തന്നെയാണ് പറഞ്ഞത്. കണ്ണിന്റെ ഞരമ്പ് പൊട്ടി രക്തം കട്ടപിടിച്ച് കണ്ണിന്റെ റെറ്റിനയ്ക്ക് ചുറ്റും നന്നായി നീര് വെച്ചതിനാലാണ് കാഴ്ച മങ്ങിയതെന്നും വേറെ മരുന്ന് കൊണ്ടൊന്നും ഇത് മാറില്ല, കണ്ണിൽ ഇഞ്ചക്ഷൻ ചെയ്യണമെന്നും പറഞ്ഞു. എത്രനാൾ ഇഞ്ചക്ഷൻ ചെയ്യണമെന്ന് അത് തുടങ്ങിയാൽ മാത്രമേ പറയുവാൻ സാധിക്കുകയുള്ളു എന്നും അവർ പറഞ്ഞു. ഞങ്ങൾ വീണ്ടും മറ്റ് അഭിപ്രായങ്ങൾ അന്വേഷിച്ച് ആലുവായിലുള്ള ഡോക്ടറിനെ കണ്ടുവെങ്കിലും ഇതേ കാര്യങ്ങൾ തന്നെയാണ് അവിടെയും പറഞ്ഞത്. ഒരു ഇഞ്ചക്ഷന് '16000' രൂപയാണ് എന്നും '2' വർഷം കൊണ്ട് '6' ഇഞ്ചക്ഷൻ എടുക്കണം എന്നും പറഞ്ഞു. എന്നാൽ പൂർണ്ണമായും കാഴ്ച്ചകിട്ടും എന്ന് അവർ ഉറപ്പൊന്നും പറയുകയുമുണ്ടായില്ല. ആദ്യത്തെ ഇഞ്ചക്ഷന് ഉള്ള അപോയ്ന്റ്മെന്റ് എടുത്തു ഞങ്ങൾ വന്നു. പിറ്റേദിവസം പോയി ആദ്യത്തെ ഇഞ്ചക്ഷൻ എടുക്കുകയും ചെയ്തു. അതിനുശേഷം പള്ളിയിൽ പോകുമ്പോഴും ആരാധനയ്ക്ക് പോകുമ്പോഴുമെല്ലാം ദിവ്യകാരുണ്യം ചുക്കിചുളിഞ്ഞ അവസ്ഥയിലാണ് കാണുവാൻ കഴിഞ്ഞിരുന്നത്. മറ്റുള്ളവരുടെ മുഖവും വളരെ വികൃതമായ അവസ്ഥയിലാണ് എന്റെ കണ്ണുകൾ കൊണ്ട് കാണുവാൻ കഴിഞ്ഞിരുന്നത്. അന്നുമുതൽ അത്ഭുതങ്ങളുടെ ജപമാലയിലും കൺവെൻഷനിലും മുടങ്ങാതെ നിയോഗം വച്ച് പ്രാർത്ഥിച്ചുതുടങ്ങി. ഏൽ റൂഹയിൽ താമസിച്ചുള്ള ധ്യാനത്തിൽ എനിക്ക് പങ്കെടുക്കുവാനുള്ള അവസരം ലഭിച്ചു. ധ്യാനത്തിന്റെ ആദ്യത്തെ '4'ദിവസവും അച്ചൻ വിളിച്ചുപറഞ്ഞു, ''കണ്ണിന്റെ ഞരമ്പ് പൊട്ടിയ ആളെ കർത്താവ് സുഖപ്പെടുത്തുന്നു''എന്ന്. ഇത് തന്നെ ബ്രദറും വിളിച്ചുപറയുന്നുണ്ടായിരുന്നു. 5-ാം ദിവസം അച്ചൻ വിളിച്ചുപറഞ്ഞു, 'മതിലകം എന്ന സ്ഥലത്ത് നിന്ന് വന്ന മക്കൾ പ്രാർത്ഥിക്കുക' എന്ന്. എന്റെ ഇടവക മതിലകം ആണ്. അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്, അത് വരെ ചുക്കിചുളിഞ്ഞ അവസ്ഥയിൽ കണ്ടിരുന്ന ദിവ്യകാരുണ്യം ഇപ്പോൾ അതിന്റെ യാഥാർത്ഥ്യത്തിൽ കാണുവാൻ കഴിയുന്നു. അതുപോലെ ഇടതുകണ്ണ് പൊത്തിപ്പിടിച്ച് വലതുകണ്ണിലൂടെ നോക്കിയപ്പോൾ മറ്റുള്ളവരുടെ മുഖവും യഥാർത്ഥ അവസ്ഥയിൽ എനിക്ക് കാണാൻ കഴിഞ്ഞു. പൂർണ്ണസൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

യേശുവേ, നിന്റെ വലിയ കരുണയ്ക്ക് കോടാനുകോടി നന്ദി.



**മീന**
പെരിഞ്ഞനം

## ഡൗൺ സിൻഡ്രോം കർത്താവ് സുഖപ്പെടുത്തി

എന്റെ അനിയത്തി റിയ പ്രഗ്നന്റ് ആയി, 5-ാം മാസത്തെ സ്കാനിങ്ങിൽ കുഞ്ഞിന് 'ഡൗൺ സിൻഡ്രോം' (down syndrome) ആണെന്ന് കണ്ടെത്തി. ഞങ്ങൾ ഉടനെ ഏൽ റൂഹയിലേക്ക് വിളിച്ച് പ്രാർത്ഥനാസഹായം ചോദിച്ചു. സൗഖ്യം ലഭിച്ചാൽ സാക്ഷ്യപ്പെടുത്താം എന്നും പറഞ്ഞു. ശേഷമുള്ള Blood test-ൽ കുഞ്ഞിന് കുഴപ്പമൊന്നുമില്ല എന്ന് ഡോക്ടർ പറഞ്ഞുവെങ്കിലും തുടർന്നും ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി 2022 മാർച്ച് 14-ാം തീയ്യതി പൂർണ്ണ ആരോഗ്യമുള്ള ഒരു കുഞ്ഞിനെ നൽകി എന്റെ അനിയത്തിയെ കർത്താവ് അനുഗ്രഹിച്ചു. ഹൃദയങ്ങൾ അറിയുന്ന ദൈവമെ നിനക്ക് ഒരായിരം നന്ദി.



**റിന്നി**

## ശമ്പളതടസ്സം ആയി കഴിയുന്നവരുടെ തടസ്സം ദൈവം നീക്കി തരുന്നു

ഞാൻ '6' വർഷമായി അധ്യാപികയായി ശമ്പളമില്ലാതെ ജോലി ചെയ്യുകയായിരുന്നു. ഇതുമൂലം ഞാനും എന്റെ കുടുംബവും വളരെയേറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. 'അത്ഭുതജപമാല'യെക്കുറിച്ച് കേട്ടപ്പോൾ മുതൽ ഞങ്ങൾ ഈ നിയോഗം വച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. ഒരു ദിവസത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു, ''ശമ്പളതടസ്സം ആയിട്ട് കഴിയുന്നവരുടെ തടസ്സം ദൈവം നീക്കി തരുന്നു, ശമ്പളം കൊടുക്കുന്നതായി കാണിക്കുന്നു'' എന്ന്. മൂന്ന് ദിവസത്തിന് ശേഷം എന്റെ അപ്പോയിൻമെന്റ് പാസാവുകയും ശമ്പളതടസം പൂർണ്ണമായും മാറുകയും ചെയ്തു. കൂടാതെ എന്റെ അനിയത്തിയുടെ വിവാഹതടസ്സവും മാറി, അവൾക്ക് അനുയോജ്യമായ നല്ല ഒരു ജീവിതപങ്കാളിയെ നൽകിയും കർത്താവ് ഞങ്ങളെ അനുഗ്രഹിച്ചു. ദൈവമെ നിന്റെ വലിയ കരുണയ്ക്ക് കോടാനുകോടി നന്ദിയും ആരാധനയും അർപ്പിക്കുന്നു.



**ക്രിസ്റ്റി വി ആലപ്പാട്ട്**
എൽത്തുരുത്ത്

